(ബി) വരൾച്ചമൂലം ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എന്തു നഷ്ടം ഉണ്ടായി എന്ന് ഓരോ വർഷവും തരംതിരിച്ച് വെളിപ്പെടുത്തുമോ;

(സി) ഓരോ വരൾച്ചയ്ക്കും എത്ര രൂപ കേന്ദ്ര സഹായം ആവശ്യപ്പെട്ടു വെന്നും എന്തു തുക ലഭിച്ചുവെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാലവർഷ കെടുതികൾക്കായി 2001 ജൂലൈ മാസത്തിൽ 552 കോടി രൂപയുടെ പ്രത്യേക ധനസഹായത്തിനും 2002 നവംബർ മാസത്തിൽ 145.7 കോടി രൂപയുടെ ധനസഹായത്തിനും കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിരുന്നു. ഇക്കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിൽ നിന്നും പ്രത്യേക ധനസഹായമൊന്നും ലഭിച്ചില്ല.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വരൾച്ചമൂലം ഉണ്ടായ നഷ്ടം താഴെ പറയുംപ്രകാരമാണ്.

2001-2002
2002-2003 | 1057 കോടി രൂപ

2003-2004—1431.46 കോടി രൂപ

(സി) 2002-ൽ സംസ്ഥാനത്തുണ്ടായ വരൾച്ചയ്ക്ക് 1022 കോടി രൂപയും പിന്നീട് സമർപ്പിച്ച സമഗ്ര മെമ്മോറാണ്ടവുംകൂടി 1057 കോടി രൂപ ആവശ്യപ്പെട്ടിരുന്നു. 2004 ജനുവരി മാസത്തിലും തുടർന്ന് ഏപ്രിൽ മാസത്തിലും വരൾച്ചയ്ക്ക് ധനസഹായം ആവശ്യപ്പെട്ടുകൊണ്ട് സമർപ്പിച്ച രണ്ട് മെമ്മോറാണ്ടങ്ങളിലുംകൂടി ആകെ 2844.90 കോടി രൂപ ആവശ്യപ്പെട്ടിരുന്നു. ഇപ്രകാരം ആവശ്യപ്പെട്ടിരുന്നതിനേൽ പ്രത്യേക ധനസഹായമൊന്നും ലഭിച്ചിട്ടില്ല. എന്നാൽ ജോലിക്ക് കൂലി ക്ഷേണം എന്ന പദ്ധതിയിൽ 61,000 മെ.ടൺ അരി അനുവദിച്ചിട്ടുണ്ട്.

കണ്ണൂർ ജില്ലയിലെ റോഡുകളുടെ പുനരുദ്ധാരണം

15 [1425] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2003-ലെ വെള്ളപ്പൊക്ക ദുരിതാശ്വാസ നടപടികളുടെ ഭാഗമായി സംസ്ഥാനത്ത് റോഡുകൾക്ക് എത്ര തുക നീക്കിവച്ചിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) കണ്ണൂർ ജില്ലയിൽ എത്ര റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾക്ക് പണമനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) പെരിങ്ങളം നിയോജകമണ്ഡലത്തിൽ ഏതെല്ലാം റോഡുകൾക്ക് എത്ര തുക വീതം നീക്കിവച്ചിട്ടുണ്ടെന്ന് പ്രത്യേകം പ്രത്യേകം വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2003-2004 സാമ്പത്തിക വർഷത്തിൽ വെള്ളപ്പൊക്ക ദുരിതാശ്വാസ നടപടികളുടെ ഭാഗമായി റോഡുകളുടെ അറ്റകുറ്റപ്പണികൾക്കും പുനരുദ്ധാരണത്തിനുമായി 63.48 കോടി രൂപയാണ് ബഡ്ജറ്റിൽ വകകൊള്ളിച്ചിരുന്നത്.

(ബി) പണി തീർന്ന 243 റോഡുകൾക്കായി 4,65,56,651 രൂപ 2003-2004 വർഷം അനുവദിച്ചിട്ടുണ്ട്.

(സി) ഓരോ റോഡിനും പ്രത്യേകം തുക നീക്കിവയ്ക്കാറില്ല. പ്രവൃത്തികൾ തൃപ്തികരമായി തീർത്ത് ബിൽ സമർപ്പിക്കുന്ന മുറയ്ക്ക് ജില്ലയ്ക്ക് ഈ ഇനത്തിൽ അനുവദിക്കുന്ന തുകയിൽ നിന്നും തുക അനുവദിക്കുകയാണ് ചെയ്തുവരുന്നത്. നിയോജകമണ്ഡലം തിരിച്ചുള്ള ചെലവ് വിവരങ്ങൾ ലഭ്യമല്ല.

മണൽവാരൽ സംബന്ധിച്ച് ശാസ്ത്രീയ പഠനം

16 [1426] ശ്രീ. ടി. യു. രാധാകൃഷ്ണൻ:

" എ. കെ. മണി:

" എം. കെ. പോൾസൺ മാസ്റ്റർ:

" ജോർജ് ജെ. മാത്യു:

" ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഓരോ നദികളിൽ നിന്നും എത്ര അളവ് മണൽ വീതം നീക്കം ചെയ്യാൻ കഴിയുമെന്നതിനെക്കുറിച്ച് ശാസ്ത്രീയപഠനം നടത്തിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇപ്രകാരം ഒരു പഠനം നടത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. എറണാകുളം, കോട്ടയം, പത്തനംതിട്ട, പാലക്കാട് എന്നീ ജില്ലകളിലെ നദികളിൽ നിന്ന് പഞ്ചായത്തുകളുടെ പരിധിയിൽ വരുന്ന കടവുകളിൽ നിന്നും എത്ര അളവ് മണൽ നീക്കം ചെയ്യാൻ കഴിയുമെന്നതിനെ കുറിച്ച് സെസ്സ് (സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ്)-നെക്കൊണ്ട് പഠനം നടത്തിയിട്ടുണ്ട്.

(ബി) ബാധകമല്ല.

റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് വൃക്ഷത്തൈ നട്ടുപിടിപ്പിക്കുന്ന പദ്ധതി

17 [1427] ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിൽ റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് നദികളുടെ തീരത്ത് വൃക്ഷത്തൈ നട്ടുപിടിപ്പിക്കുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly